# വഴിയിൽ വച്ചു രമ്യതപ്പെടുക, ഗലീലിയരെ കൊന്ന പീലാത്തോസ്, ഫലം തരാത്ത അത്തിക്ക് ഒരിക്കൽ കൂടി പരിചരണം

**വി.ലൂക്കാ 12/54-59, വി. മത്തായി 5/25-26, വി. ലൂക്കാ 13/1-5, 6-9**

**Homily points collected by Fr. George Kanamkudam. Fr. Kanamkudam can be reached at** frgkanamkudam@rediffmail.com

## ആമുഖം

പശ്ചാത്തപിക്കുന്ന വ്യക്തി ഫലം പുറപ്പെടുവിക്കുന്ന ജീവിതത്തിന്റെ ഉടമയായി ത്തീരുന്നു എന്ന സന്ദേശം ഇവിടെ നൽകുന്നു.

പിതാവിന്റെ ശ്ലീഹായുടെ പ്രഘോഷണത്തിന്റെ രത്നചുരുക്കം മാനസാന്തരപ്പെ ടുവിൻ, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. പൂർണ്ണ ഹൃദയത്തോടും ആത്മാവോ ടും, മനസ്സോടും സർവ്വ സൃഷ്ടിജാലങ്ങളോടുമൊന്നിച്ച് ദൈവത്തിലേക്ക് പിന്തി രിയണം. ശ്ലീഹന്മാർ ആവർത്തിച്ചു പറയേണ്ട സന്ദേശമിതാണ്.

ചുറ്റുമുണ്ടാകുന്ന സംഭവങ്ങളിലൂടെ ദൈവം സംസാരിക്കുന്നു. അവ അവഗണി ക്കുന്നത് ദൈവത്തിനിഷ്ടമില്ല. എല്ലാ സംഭവങ്ങളേയും കണ്ണുതുറന്നു കാണുകയും ഹൃദയം തുറന്നു സ്വീകരിക്കുകയും ചെയ്യണം. ചുറ്റുമുള്ള കാര്യങ്ങളിൽ ദൈവം നമുക്കൊരു സന്ദേശം ഒളിച്ചുവയ്ക്കുന്നുണ്ട്. എല്ലാ സംഭവങ്ങളിലേയും പ്രധാന ചിന്ത ആ സംഭവം എന്നിൽ എന്തു മാറ്റം വരുത്തണം എന്നതായിരിക്കണം. മനസ്സു മാറണം, ജീവിതം തിരുത്തണം.

## കാലാവസ്ഥയുടെ പാഠങ്ങൾ

കാലാവസ്ഥയെ ശ്രദ്ധിച്ച് മനുഷ്യൻ സ്വന്തം സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു. എന്നാൽ ദൈവീക സന്ദേശങ്ങളെ സൗകര്യപൂർവ്വം അവഗണിക്കുന്നു. അതു മനു ഷ്യന്റെ ഇരട്ടത്താപ്പാണ്. ചുറ്റുമുള്ള ഭൂമിയുടെയും ആകാശത്തിന്റെയും വ്യതിയാ നങ്ങൾ വ്യാഖ്യാനിക്കുന്നവരോട് ഈ രക്ഷാകരകാലഘട്ടത്തെ വ്യാഖ്യാനിക്കാൻ യേശു ആവശ്യപ്പെടുന്നു.

ഗലീലിയിലെ ബലിയർപ്പകരെ പീലാത്തോസ് വധിച്ചതിലും, സീലോഹാഗോപുരം ഇടിഞ്ഞ് പതിനെട്ടുപേർ മരിച്ചതിലും കേൾവിക്കാർക്ക് ഒരു സന്ദേശമുണ്ടെന്ന് യേശു പഠിപ്പിക്കുന്നു. കൊല്ലപ്പെടാത്തവർക്ക് ദൈവം നന്മയിൽ വളരാൻ ഒരവ സരം കൂടി തരുന്നുവെന്നുമാത്രം.

## സമകാലിക സന്ദേശം

യേശുവിന്റെ ദൗത്യത്തോടും വ്യക്തിത്വത്തോടും അഭേദ്യം ബന്ധപ്പെട്ടു നിൽക്കുന്ന അടയാളങ്ങൾ എന്തൊക്കെയായിരിക്കുമെന്ന് പ്രവാചകന്മാർ മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. ഈ അടയാളങ്ങളെ ശരിയായി മനസ്സിലാക്കിക്കൊണ്ട് യേശുവിലൂടെ സംജാതമായിരിക്കുന്ന രക്ഷയുടെ സമയവും അവിടുത്തെ രക്ഷാകരസ്ഥാനവും തിരിച്ചറിയാനുള്ള ആഹ്വാനമാണ് വചന ഭാഗം നൽകുന്നത്. യേശുവിന്റെ അൽഭുതങ്ങൾ കാലത്തിന്റെ അടയാളങ്ങളാണ്.

## ആധുനിക മുൻകരുതലുകൾ

വസ്തുവിനു വിലകൂടുമെന്നറിഞ്ഞാൽ വാങ്ങിക്കൂട്ടും. ഷെയറുകൾ വാങ്ങുന്നതും വിൽക്കുന്നതും സൂചനകൾ പരിഗണിച്ചാണ്. സാംക്രമികരോഗങ്ങൾക്ക് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തും. കാലാവസ്ഥയെ അതിജീവിക്കുന്ന വീടുകൾ പണിയും. തീർന്നുപോകുന്ന സാധനങ്ങൾ സ്റ്റോക്കു ചെയ്യും. എന്നാൽ ഈ വിവേകം ആത്മീയ കാര്യങ്ങളിൽ കാണിക്കുന്നില്ല.

# വഴിയിൽ വച്ചു രമ്യതപ്പെടുക

## കേസുകൾ

ഇന്നു കേസുകൾ മുഖേന പലരും ടെൻഷൻ, അദ്ധ്വാനം, പണച്ചെലവ്, മാനഹാനി എന്നിവ അനുഭവിക്കുന്നു. മറ്റു വ്യക്തികളുമായുള്ള സംഘർഷം ഒഴിവാക്കാൻ ജീവിതയാത്രയിൽ നാം ചില വിട്ടുവീഴ്ചകൾക്ക് തയ്യാറാകണമെന്നു യേശു ഉദ്ബോധിപ്പിക്കുന്നു.

## രമ്യത നൽകുന്ന ശാന്തി

തർക്കങ്ങളും വഴക്കുകളും മനുഷ്യരുടെ ഇടയിൽ സാധാരണമാണ്. ചെറിയ പിടിവാശികളും തോറ്റുകൊടുക്കാനുള്ള മനസ്സില്ലായ്മയും പലപ്പോഴും ചെറിയ വഴക്കുകളെ ഗുരുതരമാക്കുന്നു. എത്ര പണം മുടക്കിയായാലും അപരനെ തോൽപ്പിക്കണമെന്നും സമൂഹ മദ്ധ്യേ നാണം കെടുത്തണമെന്നും വാശി. ഒരു മേൽക്കൂരയ്ക്കു താഴെ ഉറങ്ങുന്നവർ തമ്മിലും ഇതുണ്ടാകാറുണ്ട്. വെറുപ്പും വൈരാഗ്യവും തലമുറയിലേക്കു കൈമാറുന്നവരുമുണ്ട്. സന്തോഷവും സമാധാനവും നഷ്ടമായി ഇത്തരക്കാർ രോഗികളും ദരിദ്രരും ആയി മാറാറുണ്ട്. ദൈവവുമായും തന്നോടു തന്നെയും, മറ്റുള്ളവരോടും നാം രമ്യതപ്പെടണം. ഭിന്നതകൾ തീർക്കണം.

## വേഗത്തിൽ രമ്യതപ്പെടുക

വഴിയിൽ വച്ചുതന്നെ (കഴിവതും വേഗം) പ്രതിയും വാദിയും രമ്യതപ്പെടണം. സ്ഥലവും സൗകര്യവുമല്ല പ്രധാനം. ഞാൻ നിന്നോടു പറയുന്നു എന്ന വാക്യം ശിക്ഷാവിധിയുടെ ഉഗ്രത കാട്ടുന്നു. ഈസ്രായേൽക്കാർ തങ്ങൾക്കു കിട്ടിയിരിക്കുന്ന അവസാനത്തെ അവസരം ഉപയോഗപ്പെടുത്തി ദൈവവുമായി രമ്യതപ്പെടണം എന്ന് ഈശോ ആവശ്യപ്പെടുന്നു. രമ്യതയും പശ്ചാത്താപവുമാണ്. ദൈവവിധി മുന്നിൽ കണ്ട് മനുഷ്യർ പരസ്പരം രമ്യപ്പെടുക ആവശ്യമാണ്. വ്യക്തിപരമായ അനുരഞ്ജനത്തിന് യേശു ആഹ്വാനം ചെയ്യുന്നു.

## ഗലീലിയരെ കൊന്ന പീലാത്തോസു

ജറുസലേമിനുവേണ്ടി ഒരു ജലവിതരണപദ്ധതി പീലാത്തോസ് ആസൂത്രണംചെയ്തു. ചെലവിനായി ദൈവാലയ സമ്പത്തിന്റെ ഒരു ഭാഗം വിനിയോഗിക്കാൻ തീരുമാനിച്ചു. ഇതിനെതിരെ ആയുധവുമായി ജറുസലേമിൽ യഹൂദർ തടിച്ചുകൂടി. റോമൻ പടയാളികളോട് അവരെ പിരിച്ചു വിടാൻ കല്പന നൽകി എന്നാൽ പടയാളികൾ ആ കല്പന മറികടന്ന് ചിലരെ കൊന്നു. ഏതാനും ഗലീലിയരും അതിൽ പെട്ടു. കഷ്ടതകൾ അനുഭവിക്കുന്നത് പാപികളാണ് എന്ന ചിന്ത തെറ്റാണ്. മരിച്ച ആ യഹൂദരേക്കാൾ ആ കൂട്ടക്കൊല ചെയ്തവരും ചെയ്യിച്ചവരുമാണ് കൂടുതൽ പാപികൾ. നീർച്ചാൽ പണിക്കിടയിൽ പട്ടണ മതിൽ ഗോപുരം വീണ് കുറെ ആളുകൾ മരിക്കുകയുണ്ടായി. മരിച്ചവർ പാപികളാണെന്ന മുൻവിധി ശരിയല്ല.

## മുന്നറിയിപ്പും ജാഗ്രതയും

വിചാരിക്കാത്ത നേരത്തുവരുന്ന ഇത്തരം അത്യാഹിതങ്ങൾ നമ്മെ ജാഗ്രതയുള്ളവരാക്കണം. പശ്ചാത്താപമില്ലാത്ത മനുഷ്യന്റെ ജീവിതത്തിലെ അനിവാര്യതയായി ദുരന്തങ്ങൾ കടന്നു വരും എന്ന മുന്നറിയിപ്പ് ഈശോ തരുന്നു. ഈശോ വ്യക്തമാക്കുന്ന കാര്യമിതാണ്. എല്ലാവരും പാപികളാണ്. എല്ലാവരും ശിക്ഷയർഹിക്കുന്നു. ശിക്ഷയിൽ നിന്നു രക്ഷപ്പെടാൻ ഏവരും അനുതപിക്കണം.

## അനുതാപവും, മാനസാന്തരവും

അനുതാപം എന്നത് ഒരു പ്രക്രിയയുടെ തുടക്കമാണ് അതിന്റെ അവസാനമാണ് മാനസാന്തരം എന്നത്.  അനുതാപം തുടക്കവും മാനസാന്തരം പരിസമാപ്തിയുമാണ്. അനുതപിക്കുന്ന മനുഷ്യൻ പാപം ഉപേക്ഷിക്കാൻ തീരുമാനിച്ച് മാനസാന്തരപ്പെടുന്നു. ഹൃദയപൂർവ്വം ദൈവത്തിലേക്കു തിരിച്ചു വരുന്നു. പശ്ത്താപം സ്വർഗ്ഗംതുറക്കാനുള്ള സ്വർണ്ണതാക്കോലാണ്.

# ഫലമില്ലാത്ത അത്തിക്ക് ഒരവസരം കൂടി

## ഓരോ നിമിഷവും ഒരവസരം

ഓരോ വർഷവും, ഓരോ ദിവസവും, ഓരോ നിമിഷവും ഫലം പുറപ്പെടുവിക്കാൻ ദൈവം തരുന്ന അവസരമാണ്. സമയം നോക്കാതെ മനുഷ്യർക്ക് നന്മ ചെയ്യുകയെന്നത് തമ്പുരാനാകുന്ന കർഷകന് കൊടുക്കാവുന്ന ഏറ്റം വലിയ ഫലമാണ്. അല്ലാത്ത പക്ഷം കടയ്ക്കൽ കോടാലി വീഴും.

ഒത്തിരി ശ്രദ്ധയും കരുതലും സംരക്ഷണവും ദൈവം നമുക്കു നൽകുന്നു. നാം ആരായിരിക്കുന്നു എന്നതിന്റെ പിന്നിൽ ഒരുപാട് പരിചരണത്തിന്റെ കരങ്ങളുണ്ട്. അതിനനുസരിച്ചുള്ള ഫലം നാം നൽകണം. ജീവിതത്തോട് കൂട്ടിച്ചേർക്കപ്പെടുന്ന ഓരോ നിമിഷവും ദൈവദാനമാണ്.

## ഫലമേകിയവർ

പശ്ചാത്തപിക്കുന്ന ഹൃദയം ഏറ്റം ആവശ്യമായിരിക്കുന്നു. പൊറുതിപറയുന്ന നല്ല കള്ളനും, മടങ്ങിവരുന്ന ധൂർത്തപുത്രനും, ക്ഷമാപണം നടത്തുന്ന കാര്യസ്ഥനും ജീവിതം വിലയിരുത്തി മടക്കയാത്ര നടത്തുന്നവരാണ്.

## കായചൂടാത്തവർ

നമ്മളും വെട്ടിക്കളയേണ്ട വൃക്ഷങ്ങളാണ്. പഴയവഴികളുടെ കാഠിന്യം ത്യജിച്ച് പൂവിടാൻ ശ്രമിക്കേണ്ട മരങ്ങൾ. കാലമായിട്ടും കായ്ക്കാത്ത മരമാണ്, ഫരിസേയൻ ശിമയോന്റെ പരിചരണപരാധീനതയും, നന്ദിപറയാത്ത ഒൻപത് കുഷ്ഠരോഗികളും, വീട്ടുപടിക്കലേക്ക് എത്തിനോക്കാത്ത ധനവാനും, താലന്തു കുഴിച്ചുമൂടിയവനും.

തന്റെ സമകാലികർ അപകടകരമായ മണിക്കൂറിലാണ് ജീവിക്കുന്നതെന്നു ചൂണ്ടിക്കാട്ടാനായി ഫലം നൽകാത്ത അത്തിയെപ്പറ്റി യേശു സംസാരിക്കുന്നു. അവർ രക്ഷകനെ കാത്തിരുന്നത് പാഴായിപ്പോകുന്നു, കാരണം രക്ഷകനെ അവർ തിരിച്ചറിയുന്നില്ല.

പ്രതീക്ഷിച്ചതും അവകാശപ്പെട്ടതുമായ ഫലം നിന്നിൽ കാണാത്തപ്പോൾ താക്കീതുകളിലൂടെ ദൈവം ഇടപെടുകയാണ്. വാത്സല്യപൂർവ്വമുള്ള കരുതലിന്റെ ഒരു നീണ്ടകാലം എന്തെല്ലാം പ്രതീക്ഷയോടെ ദൈവം പരിപാലിച്ചു. എന്നാൽ ചില ജന്മങ്ങൾ പൂക്കാതെ, കായ്ക്കാതെ, സ്നേഹിക്കാതെ, സ്നേഹിക്കപ്പെട്ടാതെ തരിശ്ശായി പോകുന്നു. ഒഴിയാബാധപോലെ പ്രശ്നങ്ങൾ വരുമ്പോൾ കുറെ കുർബാനകൾ ചൊല്ലിച്ച് രക്ഷപ്പെടാൻ നോക്കുന്നവരുണ്ട്. ആരുടെ പാപം മൂലമാണിത്? എന്നു ചിലർ ചോദിച്ചു പോകുന്നു.

## ദൈവത്തിന്റെ അവകാശവും മനുഷ്യന്റെ കടമയും

ദൈവത്തിന്റെ പ്രസാദവരത്തോടു സഹകരിക്കാത്തപക്ഷം നന്നാകൽ നാളേക്കു നീട്ടി വയ്ക്കുന്ന, കായ്ക്കാത്ത അത്തി വൃക്ഷത്തിന്റെ ഭാവി, യേശു ശിഷ്യനും കിട്ടും. ഫലമെടുക്കാൻ ദൈവത്തിന് അവകാശവും മനുഷ്യന് കടമയുമുണ്ട്. അനുതാപമാണ് വചനം ആദ്യമേ ആവശ്യപ്പെട്ടത്. അനുതാപമില്ലാതെ പുതിയ സൃഷ്ടിയില്ല, നവീകരിക്കപ്പെട്ട ജനതയില്ല. ഫലമണിയാത്തവ വളരുന്നില്ല, വളരാത്തവയ്ക്കു ജീവനില്ല, മൃതമായവ നശിക്കുന്നു.

## മുന്തിരത്തോട്ടത്തിൽ അത്തി

മുന്തിരത്തോട്ടത്തിൽ അത്തി ആരു പിടിപ്പിക്കും. സ്നേഹത്തിന്റെ ഉദാരതയാണത് കാണിക്കുന്നത്. റോസത്തോട്ടത്തിൽ ആരാണ് തൊട്ടാവാടി പിടിപ്പിക്കുക. പാവപ്പെട്ടവന്റെ ആഹാരമാണ് അത്തി. തണലിനും ഫലത്തിനുമായവ പിടിപ്പിക്കുന്നു. സ്ഥിരം അതിൽ ഫലം തേടി വരുന്ന കർഷകൻ നിരാശനാകുന്നു. അത്തിമരത്തെ ഈസ്രായേലിനോട് പഴയനിയമം ഉപമിക്കുന്നുണ്ട്. (ഹോസിയ 9/10, ജറമിയ 8/13)

## പൂർത്തിയാക്കാത്ത ഉപമ

പൂർത്തിയാക്കാത്ത ഉപമയാണിത്. ജീവിതം കൊണ്ട് പൂരിപ്പിക്കണം. ഫലശൂന്യമായ അത്തിമരത്തിന്റെ ഉപമ മാനസാന്തരത്തിന്റെ ആവശ്യകത എടുത്തുകാട്ടുന്നു. ഫലശൂന്യമായ ജീവിതം തോട്ടം സൂക്ഷിപ്പുകാരന് വെല്ലുവിളിയാണ്.

ചാവുകടൽ കണക്ക് ഒന്നും പുറത്തേക്ക് ഒഴുക്കാതെ സ്വകാര്യതയുടെ ഇടുങ്ങിയ ഭിത്തിക്കുള്ളിൽ നിന്നു നാം ചീയുന്നു. അതിൽ മീൻ വളരുന്നില്ല.

## സഭ ഫലരഹിതർക്കായ് പ്രാർത്ഥിക്കണം

സഭ ഫലരഹിതർക്കായ് പ്രാർത്ഥിക്കണം. ആണ്ടിൽ മൂന്നുവട്ടം ഫലം തരുന്ന വൃക്ഷമാണ് അത്തി. ഉപമയിലെ അത്തിക്ക് 6 വയസ്സുണ്ട്. പ്രത്യേക സംരക്ഷണം ഇവർക്കാവശ്യമാണ്, വളമിച്ച് ക്ഷമയും സഹിഷ്ണുതയും തെറ്റിലകപ്പെടുന്നവരോട് സഭ കാട്ടണമെന്ന് ലൂക്കാ ചിന്തിക്കുന്നു.

അഹിഖ്യാറിന്റെ ഒരു കഥ ബി. സി അഞ്ചാം നൂറ്റാണ്ടുമുതൽ പറഞ്ഞു വന്നു. അതിൽ പിതാവ് പറയുന്നുണ്ട്, നീ നീരൊഴുക്കിനടുത്ത് വളർന്നിട്ടും ഫലം തരാത്തതിനാൽ ഉടമസ്ഥൻ വെട്ടിക്കളഞ്ഞ അത്തിപോലെയാണ്. ഇവിടെ നിന്നിട്ട് ഫലമില്ലെങ്കിൽ മറ്റെവിടെ നിന്നാലും തരില്ല. യേശു ഈ കഥ രൂപാന്തരപ്പെടുത്തി. വളം തിന്നു നശിപ്പിക്കുന്ന പൊണ്ണനെ വെട്ടിക്കളയാമെന്ന് കർഷകൻ. വേരോടെ പിഴുതെറിയണമെന്നു ഭീഷണി. നാമും അതിനു വിധേയരാണ്.

## വ്യക്തികളും അനുഭവങ്ങളും

സാഹിത്യനിരൂപകനായ ശ്രീ. എം. എൻ. വിജയൻ ഒരിക്കൽ പറയുകയുണ്ടായി, "ചരിത്രത്തിൽ നിന്നു നാം പഠിക്കുന്ന ഏറ്റവും വലിയ പാഠം, ചരിത്രത്തിൽ നിന്നു നാം ഒന്നും പഠിക്കുന്നില്ല എന്നുള്ളതാണ്." മദ്യം എത്ര കുടുംബങ്ങളെ തകർത്തിരിക്കുന്നു, എന്നിട്ടും എത്രയോ പേർ കുടിക്കുന്നു. ദാമ്പത്യ വിശ്വസ്തതയില്ലായ്മ ഏറെ പേരെ കണ്ണീരിലാഴ്ത്തിയിട്ടുണ്ട്. എന്നിട്ടും അതു തുടരുന്നു. വഞ്ചനയിലൂടെ ഉണ്ടാക്കുന്ന പണത്തിന് നിലനിൽപില്ലെന്നറിഞ്ഞിട്ടും ആളുകൾ ആ വഴി തുടരുന്നു. ആരും ഒന്നും പഠിക്കുന്നില്ല. ദോഷം വരുമ്പോൾ ആളുകൾ പറയും അവർക്കതു വേണം. പാപത്തിന്റെ ഫലമാണ്. അതു പറഞ്ഞ് കൈകൊട്ടിച്ചിരിക്കും. എന്നാൽ ഈശോ പറയുന്നു പശ്ചാത്തപിക്കുന്നില്ലെങ്കിൽ അതുപോലെ നിങ്ങളും നശിക്കും.

ആലപ്പുഴയിലുള്ള "ഇറച്ചി ആൽബിൻ" ഒത്തിരി വ്യക്തികളെയും കുടുംബങ്ങളെയും കശക്കിയെറിഞ്ഞവനായിരുന്നു. സ്വന്തം സഹോദരനെ കൊന്ന ശേഷം കഠാരയിലെ ചോര ചാരായത്തിലൊഴിച്ച് കുടിച്ച ക്രൂരൻ. പശ്ചാത്തപിച്ച ആൽബിൻ ഇന്നു മാനസിക രോഗികളെ ശുശ്രൂഷിക്കുന്ന അഭയകേന്ദ്രത്തിലെ ശുശ്രൂഷകനാണ്.

1997 ഏപ്രിൽ ലക്കത്തിൽ ഫലംതരാത്ത അത്തി വൃക്ഷം എന്നപേരിൽ ശ്രീ. കെ. സി. ജോണി എഴുതിയ ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. നാൽപതു വയസ്സുവരെ കുടുംബം നോക്കാതെ, നാടനടിച്ച് നടന്ന ജോണിനെ 1991 ഫെബ്രുവരി 8 നു അണലി കടിച്ചു. ഒരു കുത്തിവയ്പിനുള്ള മരുന്നു (ആന്റി വെനം) മാത്രമേ അശുപത്രിയിലുണ്ടായിരുന്നുള്ളു. പ്രതീക്ഷയില്ലാത്തതിനാൽ അതു കുത്തിവച്ചു നഷ്ടമാക്കാൻ ഡോക്ടർ വിസ്സമതിച്ചു. നെഞ്ചിലിടിച്ചപ്പോൾ ശ്വാസം കിട്ടിയതിനാൽ വീട്ടുകാർ മരുന്നു കുത്താൻ നിർബന്ധിച്ചു. പിന്നേയും ജീവിതത്തിലേക്കു തിരിച്ചു വന്നു, പുതിയ മനുഷ്യനായി.

ഫറവോയുടെ ജീവിതത്തിൽ ദൈവം അനേകം അത്ഭുതങ്ങൽ പ്രവർത്തിച്ചു. അയാൾ അവ മനസ്സിലാക്കിയില്ല, ചാവുകടലിൽ മുങ്ങി മരിക്കുവോളം. പുറ. 7 മുതൽ 14 വരെയുള്ള അദ്ധ്യായങ്ങളിൽ നാമതു കാണുന്നു.

## ദൈവം നൽകുന്ന പ്രതീക്ഷ

നാം പ്രതീക്ഷയുടെ മനുഷ്യരാണ്. ജീവൻ പിടിച്ചു നിർത്തുന്നത് പ്രതീക്ഷയാണ്. നമ്മുടെ പ്രതീക്ഷകൾക്കൊക്കെ അപ്പുറത്ത് പ്രതീക്ഷിക്കുന്ന വ്യക്തിയാണ് ദൈവം. അബ്രാഹത്തിനു മണൽ തരി പോലെ മക്കൾ., ക്രൂശിതന് ഉത്ഥാനം എന്നിവ ഉദാഹരണങ്ങൾ മാത്രം. തിരുസഭ സ്ഥാപിച്ച്, വിശ്വാസസമൂഹം രൂപപ്പെടുത്തി സ്ഥലകാല പരിധിക്കുള്ളിൽ നിന്ന് ചരിത്രത്തിൽ പ്രതീക്ഷയ്ക്കു രൂപം കൊടുക്കുന്നവനാണ് ദൈവം. ക്ഷമയോടും ദീർഘശാന്തതയോടും കൂടി ദൈവം ഇടപ്പെടുന്നതിനാൽ നാം നാമായിത്തീർന്നു.